**ജനകീയാസൂത്രണം മുപ്പതാണ്ട് പിന്നിടുമ്പോൾ...**
**2026 ആഗസ്റ്റ് 16, കോട്ടൺഹിൽ ഗവ. ഹയർ സെക്കണ്ടറി സ്കൂൾ , തിരുവനന്തപുരം**

## കൃഷി അനുബന്ധ മേഖല– കുറിപ്പ്

സെക്ഷൻ : 11

പേര് : വിജയൻ.കെ.കെ

പ്രാദേശിക ആസൂത്രണത്തിന്റെ ഭാഗമായി കാർഷിക രംഗത്ത് പ്രത്യേകിച്ചും ഗ്രാമീണ മേഖലയിൽ വലിയ ഇടപെടൽ നടത്താൻ കഴിഞ്ഞിരുന്നു.

ആദ്യഘട്ടങ്ങളിൽ വിളകളുടെ വിസ്തൃതി /ഉല്പാദനം /ഉല്പാദന ക്ഷമത വർദ്ധിപ്പിക്കാനുള്ള ശ്രമങ്ങളുടെ ഭാഗമായി നിരവധി പശ്ചാതല വികസന പരിപാടികൾ ഏറ്റെടുത്തിരുന്നു. eg : ബണ്ടുകൾ, തടയണകൾ, ജലസേചന പദ്ധതികൾ etc.

എന്നാൽ സംവിധാനം ജനകീയാസൂത്രണം സ്ഥാപന വൽക്കരിക്കപ്പെടുകയും സാങ്കേതിക സമിതികൾ, ഗുണഭോക്തൃ സമിതികൾ ഇല്ലാതാകുകയോ നിർജ്ജീവമാകുകയോ ചെയ്യതോടെ പ്രൊജക്ടുകൾ– വിളമെച്ചപ്പെടുത്തൽ എന്ന ഒറ്റ അജണ്ടയിലേയ്ക്ക് ഏറെകുറെ മാറി. eg.വിത്ത്, വളം, ജൈവ വളം, വിതരണം etc. വാർപ്പ മാതൃകയിലുള്ള പ്രൊജക്ടുകൾ കേരളത്തിൽ രൂപപ്പെടുകയും നിർവ്വഹണം നടത്തുകയും ചെയ്യുന്ന സ്ഥിതിയിലേക്ക് മാറി.

വർക്കിംഗ് ഗ്രൂപ്പുകളുടെ ഗൗരവക്കുറവ്, എൽഎസ്ജികളുടെ ഇടപെടൽ കുറഞ്ഞത്, നിർവ്വഹണ ഉദ്യോഗസ്ഥരുടെ താല്പര്യക്കുറവ് തുടങ്ങി നിരവധി കാരണങ്ങൾ ഉണ്ടായേക്കാം

**മേഖലയിൽ ശ്രദ്ധ വെയ്ക്കേണ്ട ചില സാഹചര്യങ്ങൾ**

1. **യന്ത്രവത്കരണം:** കന്നുപൂട്ടി നിലം കിളച്ചുള്ള കൃഷി ഇനി അസാധ്യം. തൊഴിലാളികൾ (Skilled/unskilled) ഇല്ല, കൂലി വർദ്ധന etc.
   വിപണിയിൽ ലഭ്യമായിട്ടുള്ള യന്ത്രങ്ങൾ ഗ്രാമീണ കർഷകർക്ക് പരിചയപ്പെടുത്തുകയും ആകർഷകമായ പദ്ധതി വിഹിതം ലഭ്യമാക്കി കർഷകർക്ക് അനുഭവവേദ്യമാക്കാനുള്ള ശ്രമങ്ങൾ ഉണ്ടാകണം. സാങ്കേതിക തടസ്സങ്ങൾ ഒഴിവാക്കണം.
2. **വിപണനം:** ഗ്രാമീണ കാർഷിക വിപണി സ്ഥിരത തീരെ മോശമാണ്. എൽ.എസ്.ജി തലത്തിൽ ഒരു സംഭരണ/വിപണന കേന്ദ്രം എന്ന ലക്ഷ്യത്തിലേയ്ക്ക് എത്തണം. Rural surplus ഏറ്റെടുക്കാവുന്ന സംവിധാനം കർഷകർക്ക് കൂടി പ്രാതിനിധ്യമുള്ള സംരംഭമാകണം.
3. **മൂല്യവർദ്ധന:** പ്രത്യേകിച്ച് പഴം/പച്ചക്കറികളുടെ സംസ്കരണത്തിൽ നമ്മൾ എവിടെയും എത്തിയിട്ടില്ല. ധാരാളം സാധ്യതകൾ ഉണ്ട്. പക്ഷെ, ഒന്നും ഫലപ്രാപ്തിയിൽ വരുന്നില്ല. ചക്ക, മാങ്ങ, കശുമാവ്, റമ്പുട്ടാൻ, പൈനാപ്പിൾ, ഡ്രാഗൺ ഫ്രൂട്ട് എന്നിവയെല്ലാം ഏറെകുറെ സിംഹഭാഗവും Raw Fruits ആയിട്ടാണ് വിപണനം ചെയ്യപ്പെടുന്നത്. ഇത് വിപണി ചാഞ്ചാട്ടത്തിന് കാരണമാകുന്നുണ്ട്. Community Cold Storage/Processing unit വലിയ സാധ്യത സൃഷ്ടിക്കും

4. **Hi tech/smart farming :** കൃഷി രീതി അടിമുടി മാറിയാൽ മാത്രമേ യുവാക്കളെ ആകർഷിക്കാൻ കഴിയൂ. പ്രിഡഷൻ ഫാമിംഗ്, ഫെർട്ടിഗേഷൻ, etc. എന്നിവയെല്ലാം യൂസർ ഫ്രണ്ട്ലിയായി അവതരിപ്പിക്കാൻ കഴിയണം.
5. **Online Marketing :** വിപണി കിഴടക്കാൻ എളുപ്പമാണ്. പുതിയ കർഷകർ പരീക്ഷിച്ച് വിജയിച്ചത്. കൂടുതൽ കർഷകരെ ഈ നിരയിലേയ്ക്ക് എത്തിക്കാൻ കഴിയണം.
6. **നവമാധ്യമ ഇടപെടൽ:** കാർഷിക മേഖലയിലെ പുതിയ പ്രവണതകൾ അറിവുകൾ പങ്കുവയ്ക്കാനും ഈ രംഗത്തെ കള്ളമാണയങ്ങളെ തിരിച്ചറിയാനും കർഷകരെ പ്രാപ്തരാക്കാൻ കഴിയണം.